# ഗ്രാമ ന്യായാലയ പുതുപ്പരിയാരം, പാലക്കാട്

**ഹാജർ :-ശ്രീമതി. ധനുജ വെട്ടത്ത് (BA, LLB ), ന്യായാധികാരി ഗ്രാമ ന്യായാലയ തേങ്കുറിശ്ശി**

**(ന്യായാധികാരി, ഗ്രാമ ന്യായാലയ പുതുപ്പരിയാരത്തിന്റെ അധിക ചുമതല)**

2026 മാർച്ച് മാസം 26 -ആം തിയ്യതി/1947 ചൈത്ര 05 -ആം തിയ്യതി

## എസ്.ടി.നമ്പർ 48/2022

(കസബ പോലീസ് സ്റ്റേഷൻ ക്രൈം.149/2022)

| | |
|---|---|
| വാദി/പരാതിക്കാരൻ | സ്റ്റേറ്റിനെ പ്രതിനിധികരിച്ച് സ്റ്റേഷൻ ഹൗസ് ഓഫീസർ, കസബ പി.എസ്.<br>**പ്രതിനിധീകരിക്കുന്നത് :**രേവതി സോമൻ അസിസ്റ്റൻറ് പബ്ലിക് പ്രോസിക്യൂട്ടർ |
| പ്രതി | ജ്യോതിപ്രകാശ്, 26/22 വയസ്സ്, രഘു മകൻ, , ഉപ്പുതോട് ഹൗസ് , ഇരട്ടക്കുളം (പി.ഒ) പാലക്കാട്.<br>**അഭിഭാഷകൻ**: അഡ്വ.സി.മാധവൻകുട്ടി |
| വകുപ്പ് | ഇന്ത്യൻ ശിക്ഷാ നിയമം 279, 304 (A) വകുപ്പുകൾ |
| പ്രതിയുടെ വാദം | കുറ്റം ചെയ്തിട്ടില്ല. |
| കണ്ടെത്തൽ | കുറ്റം ചെയ്തിട്ടില്ല. |
| ഉത്തരവ് | പ്രതിയെ ക്രിമിനൽ നടപടി നിയമം 255(1) വകുപ്പ് പ്രകാരം കുറ്റവിമുക്തനാക്കിയിരിക്കുന്നു. |

**<u>പ്രതിയുടെ വിവരങ്ങൾ</u>**

| **ക്രമ നമ്പർ** | **പോലീസ് സ്റ്റേഷൻ, ക്രൈം നമ്പർ** | **പേര്** | **വയസ്സ്** | **അച്ഛന്റെ പേര്** | **ജോലി** | **വില്ലേജ്** | **താലൂക്ക്** |
|---|---|---|---|---|---|---|---|
| 1. | കസബ 149/2022 | ജ്യോതിപ്രകാശ് | 26/22 | രഘു | - | എലപ്പുള്ളി | പാലക്കാട് |

**<u>തീയതികൾ</u>**

| സംഭവം നടന്നത് | വിവരം ലഭിച്ച തീയതി | അറസ്റ്റ് ചെയ്ത തീയതി | ജാമ്യം നൽകിയത് | വിചാരണ തുടങ്ങിയത് |
|---|---|---|---|---|
| 14.03.2022 | 14.03.2022 | 10.04.2022 | 10.04.2022 | 04.03.2024 |
| **വിചാരണ അവസാനിച്ചത്** | **ഉത്തരവ്** | | **കാലതാമസം** | |
| 23.03.2026 | 26.03.2026 | | കോടതിയിൽ പതിവ് സിറ്റിങ് ഇല്ല. | |

ഈ വ്യവഹാരം 23.03.2026 ൽ ഇരുകക്ഷികളുടെയും അഭിഭാഷകരുടെയും സാന്നിദ്ധ്യത്തിൽ വാദം കേട്ട് പൂർത്തിയായതിനാൽ താഴെ പറയുന്ന വിധിന്യായം ഇരുകക്ഷികളുടെയും അഭിഭാഷകരുടെയും സാന്നിദ്ധ്യത്തിൽ ഇന്നേ ദിവസം തുറന്ന കോടതിയിൽ പ്രസ്താവിച്ചിരിക്കുന്നു.

**<u>വിധിന്യായം</u>**

1. കസബ പോലീസ് സ്റ്റേഷനിലെ സബ് ഇൻസ്പെക്ടർ പ്രതിക്കെതിരെ ഇന്ത്യൻ ശിക്ഷാനിയമം 279, 304A വകുപ്പ് പ്രകാരം ശിക്ഷാർഹമായ കുറ്റം ചുമത്തി ക്രൈം നമ്പർ 149/2022 ആയി സമർപ്പിച്ച അന്തിമ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉത്ഭവിച്ച വ്യവഹാരമാണിത്.
2. 14.03.2022 തീയതി 08.30 മണിക്ക് പ്രതി TN 99 V 4111 നമ്പർ മോട്ടോർ സൈക്കിളിന്റെ റൈഡറായി ചുമതല വഹിച്ച് ടിയാന്റെ അമ്മ ശാന്തയെ പുറകിലിരുത്തി ഉപ്പുതോട്-താണിപ്പള്ളം പബ്ലിക്ക് റോഡിലൂടെ ഉപ്പുതോട്

ഭാഗത്തു നിന്നും പട്ടത്തലച്ചി ഭാഗത്തേക്ക് അവിവേകമായും അശ്രദ്ധമായും മനുഷ്യജീവന് അപകടം വരത്തക്ക വിധം ഓടിച്ചു കൊണ്ടുപോയി പൊന്നൻ പിള്ള കനാൽ പാലത്തിൽ വെച്ച് മോട്ടോർ സൈക്കിൾ സ്കിഡായി റോഡിൽ നിന്നും 6 അടിയോളം താഴ്ചയുള്ള ചാലിലേക്ക് മോട്ടോർ സൈക്കിളും, പ്രതിയും, പ്രതിയുടെ അമ്മ ശാന്തയും തെറിച്ചു വീണതിൽ പരിക്കുപറ്റിയ ശാന്തയെ ചികിൽസക്കായി അത്താണി ആശുപത്രിയിൽ എത്തിച്ച സമയം ശാന്ത മരണപ്പെട്ടു എന്നതിനാൽ പ്രതി മേൽ വകുപ്പ് പ്രകാരം ശിക്ഷാർഹമായ കുറ്റം ചെയ്തിരിക്കുന്നു എന്നതാണ് കുറ്റ ചുരുക്കം.

3. പ്രതിയെ നിയമാനുസരണം അറസ്റ്റ് ചെയ്ത് മതിയായ ജാമ്യത്തിൽ പോലീസ് സ്റ്റേഷനിൽ നിന്ന് തന്നെ വിട്ടയച്ചിട്ടുള്ളതാണ്.
4. ക്രിമിനൽ നടപടിയുടെ 173-ആം വകുപ്പ് പ്രകാരമുള്ള ഈ വ്യവഹാരത്തിലെ കുറ്റപത്രം പരിശോധിച്ചു പരിഗണനയ്ക്കെടുക്കുവാൻ തക്ക കാരണങ്ങൾ കുറ്റപത്രത്തിൽ ഉണ്ട് എന്ന് കണ്ട് മേൽ നമ്പർ കേസിൽ പ്രതിക്ക് കോടതിയിൽ ഹാജരാകാനുള്ള കൽപ്പന അയച്ചു.
5. പ്രതി ജാമ്യക്കാർ സഹിതം കോടതിയിൽ ഹാജരായി ജാമ്യത്തിന് അർഹനായതിനാൽ പ്രതിയെ ജാമ്യത്തിൽ വിട്ടു.
6. 1973 ലെ ക്രിമിനൽ നടപടി നിയമസംഹിതയുടെ 207- ആം വകുപ്പ് പ്രകാരം എല്ലാ രേഖകളും നൽകി. പ്രതി സ്വന്തം അഭിഭാഷകനാൽ പ്രതിനിധീക്കരിക്കപ്പെട്ടു. ടിയാൻ അവ പൂർണവും സ്പഷ്ടവും ആണെന്ന് സമ്മതിച്ചു സമർപ്പിച്ചതിനാൽ ക്രിമിനൽ നടപടി നിയമസംഹിതയുടെ 207-ആം വകുപ്പ് പ്രകാരമുള്ള നടപടി ക്രമങ്ങൾ പൂർത്തിയാക്കി.
7. പ്രതിക്ക് ടിയാൻ ചെയ്തു എന്ന് ആരോപിക്കപ്പെടുന്ന ഇന്ത്യൻ ശിക്ഷാ നിയമം 279, 304 A വകുപ്പുകൾ പ്രകാരമുള്ള കുറ്റസാരാംശം പറഞ്ഞ് മനസ്സിലാക്കി കൊടുക്കുകയും കുറ്റം ചെയ്തിട്ടുണ്ടോ എന്ന് അന്വേഷിച്ചതിൽ കുറ്റം

നിഷേധിക്കുകയും വിചാരണ നേരിടാൻ തയ്യാറാണെന്ന് അറിയിക്കുകയും ചെയ്തു.

8. പ്രോസിക്യൂഷൻ ഭാഗം തെളിവിലേക്കായി PW1 മുതൽ PW4 വരെയുള്ള സാക്ഷികളെ വിസ്തരിക്കുകയും Exbt.P1 മുതൽ P9 വരെയുള്ള രേഖകൾ തെളിവിൽ സ്വീകരിച്ചു. കേസിൽ ദൃക്സാക്ഷികൾ ഇല്ലാത്തതിനാലും കേസ് ഒത്തു തീർപ്പായതിനാലും CW1, CW3 മുതൽ CW6, CW9 മുതൽ CW17 എന്നിവരെ വിസ്തരിക്കേണ്ടതില്ലെന്ന് ആദരണീയയായ അസിസ്റ്റൻറ് പബ്ലിക്ക് പ്രോസിക്യൂട്ടർ തീരുമാനം അറിയിച്ചു. ഇതോടെ വിചാരണ ഭാഗം തെളിവിലേക്ക് അവസാനിപ്പിച്ച്. പ്രതിക്കെതിരെ കുറ്റാരോപണങ്ങൾ തെളിയിക്കത്തക്ക തെളിവുകൾ ഇല്ലാതിരുന്നതിനാൽ കുറ്റവിചാരണ നടപടി സംഹിതയുടെ 313 (1) (b) വകുപ്പ് പ്രകാരമുള്ള ചോദ്യം ചെയ്യൽ ഒഴിവാക്കി.

9. പ്രതിഭാഗം തെളിവൊന്നും ഹാജരാക്കിയില്ല.

10. .ഇരുഭാഗത്തിന്റെ വാദം കേട്ടു. ഹാജരാക്കിയ തെളിവുകൾ പരിഗണിക്കുകയും ചെയ്തു.

11. താഴെപ്പറയുന്ന സംഗതികളാണ് ഈ കേസിൽ തീരുമാനിക്കപ്പെടേണ്ടത്:-

1. പ്രതി 14.03.2022 തീയതി രാവിലെ 8:30 മണിക്ക് TN 99 V 4111 നമ്പർ മോട്ടോർ സൈക്കളിൽ അതിവേഗതയിലും അശ്രദ്ധമായും മനുഷ്യജീവന് അപകടം വരത്തക്ക വിധത്തിലും ഓടിച്ചതായി പ്രോസിക്യൂഷൻ തെളിയിച്ചിട്ടുണ്ടോ?
2. പ്രോസിക്യൂഷൻ ആരോപിക്കുന്നത് പോലെ മനഃപൂർവമല്ലാത്ത നരഹത്യയല്ലാത്ത എന്തെങ്കിലും വേഗതയിലൂടെയോ അശ്രദ്ധമായ പ്രവൃത്തിയിലൂടെയോ മരണത്തിന് പ്രതി കാരണമായിട്ടുണ്ടോ?
3. പ്രതി കുറ്റക്കാരാണെന്ന് തെളിഞ്ഞാൽ എന്താണ് ശിക്ഷ?

12. **ഒന്നും രണ്ടും സംഗതികൾ :-** വസ്തുതകളുടെ ആവർത്തനം ഒഴിവാക്കുവാനും അവലോകന സൗകര്യത്തിനുമായി ഒന്നു മുതൽ രണ്ടു വരെയുള്ള സംഗതികൾ ഒരുമിച്ച് പരിഗണിക്കുന്നു.

13. കേസിൽ മരണപ്പെട്ടയാൾ തന്റെ ചെറിയമ്മ ആണെന്നും 14.03.2022 തീയതി രാവിലെ 8:30 ന് ജ്യോതിപ്രകാശിന്റെ ബൈക്കിന്റെ പുറകിൽ ഇരുന്ന് യാത്ര ചെയ്യുമ്പോൾ വീണാണ് അപകടം ഉണ്ടായതെന്നും ഫോൺ വിളിച്ചാണ് വിവരം അറിഞ്ഞതെന്നും ഹോസ്പിറ്റലിൽ വച്ച് മരണപ്പെട്ടുവെന്നും സംഭവസ്ഥലം പോലീസിന് കാണിച്ചു കൊടുത്തുവെന്നും അപകടകാരണം അറിയില്ലെന്നും PW1 മൊഴി നൽകി.

14. മരണപ്പെട്ടത് തന്റെ അമ്മയാണെന്നും ചേട്ടൻ ഫോൺ വിളിച്ചപ്പോഴാണ് അറിഞ്ഞതെന്നും അനിയൻ ഓടിച്ച വണ്ടിയിൽ പുറകിൽ ഇരുന്ന് പോയപ്പോൾ ബൈക്ക് സ്കിഡായി പോയതാണ് അപകടകാരണമെന്നും അമ്മയ്ക്കും അനിയനും പരിക്കുപറ്റിയെന്നും ബൈക്ക് സ്കിഡായ കാരണം അറിയില്ലെന്നും PW 2 മൊഴി നൽകി.

15. അപകത്തിൽപ്പെട്ടത് തന്റെ ഭാര്യയാണെന്നും മണിയെന്നയാൾ വന്നു പറഞ്ഞാണ് സംഭവം അറിഞ്ഞതെന്നും നേരിട്ട് കണ്ടിട്ടില്ലെന്നും മകൻ ഓടിച്ച വണ്ടിയിൽ പുറകെ ഇരുന്നു പോവുമ്പോൾ അപകടം സംഭവിച്ചുവെന്നും മകനും പരിക്കുപ്പറ്റിയെന്നും PW3 മൊഴി നൽകി.

16. അന്വേഷണ ഉദ്യോഗസ്ഥനായ CW 18 നെയാണ് PW4 ആയി വിസ്തരിച്ചത് താൻ രജിസ്റ്റർ ചെയ്ത FIR ആണ് Exbt P1 എന്നും ഇൻകസ്റ്റ് റിപ്പോർട്ടാണ് Exbt P2 എന്നും കേസിൽ ഉൾപ്പെട്ട വാഹനം Exbt.P3 പ്രകാരം മഹസർ പ്രകാരം ബന്തവസിൽ എടുത്തുവെന്നും Exbt.P4 സംഭവസ്ഥലമഹസർ തയ്യാറാക്കിയത് താനാണെന്നും Exbt.P5 പോസ്റ്റ്മോർട്ടം സർട്ടിഫിക്കറ്റ് ശേഖരിച്ചുവെന്നും AMVI യിൽ നിന്നും Exbt P6 Vechicle Inspection റിപ്പോർട്ട് ശേഖരിച്ചുവെന്നും പ്രതിയെ അറസ്റ്റ്

ചെയ്ത് ജാമ്യത്തിൽ വിട്ടുവെന്നും അറസ്റ്റ് മെമ്മോ ജാമ്യകച്ചീട്ട് Exbt P7 എന്നും വാഹനം കച്ചീട്ടിൽ വിട്ടുകൊടുത്തുവെന്നും ആയതാണ് Exbt P8 എന്നും ഉദയൻ എന്നയാളുടെ മൊഴി അനുസരിച്ചാണ് കേസ് രജിസ്റ്റർ ചെയ്തത് ഈ മൊഴിയാണ് Exbt P9 എന്നും തുടർന്ന് അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം സമർപ്പിച്ചു എന്ന് PW4 മൊഴിനൽകി.

17. കേസിലെ ദൃക്സാക്ഷികളായി പ്രോസിക്യൂഷൻ ആരെയും വിസ്തരിച്ചില്ല. ഒന്നും രണ്ടും മൂന്നും സാക്ഷികൾ പ്രതിയുടെയും മരണപ്പെട്ടയാളുടെയും കുടുംബാഗങ്ങൾ ആണ്. മൂന്ന് സാക്ഷികളും അപകടം നേരിട്ട് കണ്ടതായോ പ്രതി അമിതവേഗതയിലും അശ്രദ്ധമായും വാഹനമോടിച്ചതിനാലാണ് ബൈക്ക് സ്കിഡായത് എന്നോ പ്രതിയുടെ ഭാഗത്തു നിന്നുണ്ടായ അശ്രദ്ധ കൊണ്ടാണ് അപകടം സംഭവിച്ചത് എന്നോ മൊഴി നൽകിയിട്ടില്ല. പ്രതിയോടിച്ച വാഹനത്തിന്റെ പുറകിൽ ഇരുന്ന് യാത്ര ചെയ്തപ്പോഴാണ് അപകടം ഉണ്ടായതെന്ന് PW1,PW2,PW3 എന്നിവ പറഞ്ഞുവെങ്കിലും മൂന്നു പേർക്കും സംഭവത്തെ സംബന്ധിച്ച് കേട്ടറിവ് മാത്രമാണ് ഉള്ളത്.

18. ഈ സാഹചര്യത്തിൽ, പ്രതി ഏതെങ്കിലും തരത്തിലുള്ള അശ്രദ്ധയിലൂടെയോ അമിതവേഗതയിലൂടെയോ അപകടത്തിന് കാരണമായതായി സംശയാതീതമായി തെളിയിക്കാൻ പ്രോസിക്യൂഷന് കഴിഞ്ഞിട്ടില്ല.

19. പ്രതിയുടെ പ്രവൃത്തി ഇന്ത്യൻ ശിക്ഷാ നിയമം 279-ആം വകുപ്പ് പ്രകാരം കുറ്റമാണ് എന്ന് തെളിയിക്കണമെങ്കിൽ ടിയാൻ ഉദാസീനമായും അലക്ഷ്യമായും മനുഷ്യജീവന് അപകടം വരത്തക്കവിധം കൃത്യ ദിവസം കൃത്യസമയം കൃത്യത്തിനു ഹേതുവായ വാഹനം ഓടിച്ചിരുന്നു എന്ന് തെളിയിക്കേണ്ട ബാധ്യത പ്രോസിക്യൂഷനുണ്ട് അപ്രകാരം ഒരു വസ്തുത കോടതി മുമ്പാകെ തെളിയിക്കപ്പെടാത്തതിനാൽ പ്രതിയുടെ

അശ്രദ്ധകൊണ്ടുണ്ടായ അപകടം മൂലമാണ് ശാന്ത മരണപ്പെട്ടത് എന്ന നിഗമനത്തിലെത്താൻ ഈ കോടതിക്ക് കഴിയില്ല.

20. ഈ കേസിലെ തെളിവുകളുടെ അടിസ്ഥാനത്തിൽ പ്രതിക്കെതിരെ ആരോപിക്കപ്പെടുന്ന യാതൊരു കുറ്റങ്ങളും തെളിയിക്കാൻ കഴിഞ്ഞിട്ടില്ലാത്തതാകുന്നു. ആയതിനാൽ തന്നെ പ്രതി ഇന്ത്യൻ ശിക്ഷാ നിയമം 279, 304 A എന്നീ വകുപ്പുകൾ പ്രകാരമുള്ള കുറ്റം ചെയ്തതായി നിസംശയം തെളിയിക്കാൻ പ്രോസിക്യൂഷൻ ഭാഗത്തിന് സാധിച്ചിട്ടില്ല. അതിനാൽ ഒന്നു മുതൽ രണ്ട് വരെയുള്ള സംഗതികൾ പ്രോസിക്യൂഷനു എതിരായി ഈ കോടതി കണ്ടെത്തിയിരിക്കുന്നു.

21. **<u>മൂന്നാംസംഗതി</u>**:- ഒന്നു മുതൽ രണ്ടു വരെയുള്ള സംഗതികളിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ പ്രതി ഇന്ത്യന് ശിക്ഷാനിയമം 279, 304 A വകുപ്പുകൾ പ്രകാരമുള്ള കുറ്റം ചെയ്തിട്ടില്ല എന്ന് കണ്ടെത്തി പ്രതിയെ കുറ്റവിചാരണ സഹിതയുടെ 255 (1)-ാം വകുപ്പ് പ്രകാരം കുറ്റവിമുക്തയാക്കിയിരിക്കുന്നു. പ്രതിയുടെ ജാമ്യ കച്ചീട്ട് റദ്ദായിരിക്കുന്നു. പ്രതിയെ നിരുപാധികം സ്വതന്ത്രനാക്കി വിട്ടയക്കുന്നു.

22. ഈ വിധിക്കെതിരായി ആക്ഷേപമുണ്ടെങ്കിൽ 30 ദിവസത്തിനകം ബഹുമാനപ്പെട്ട പാലക്കാട് സെഷൻസ് കോടതിയിൽ അപ്പീൽ സമർപ്പിക്കാവുന്നതാണ്.

*(ഞാൻ പറഞ്ഞുകൊടുത്ത പ്രകാരം കോൺഫിഡൻഷ്യൽ അസിസ്റ്റൻറ് എഴുതിയെടുത്ത് കമ്പ്യൂട്ടറിൽ ടൈപ്പ് ചെയ്ത് ഞാൻ തിരുത്തി ഇന്ന് 2026 മാർച്ച് മാസം 26 ആം തീയതി തയ്യാറാക്കി തുറന്ന കോടതിയിൽ വിധി പ്രസ്താവിച്ചിരിക്കുന്നു)*

Sd/-

ധനുജ വെട്ടത്ത്
ന്യായാധികാരി,
ഗ്രാമ ന്യായാലയ, പുതുപ്പരിയാരം.

**അനുബന്ധം**

**വിചാരണഭാഗം/പ്രതിഭാഗം/കോടതിഭാഗം സാക്ഷികളുടെ പട്ടിക**

**ക്രിമിനൽ നടപടി നിയമം റൂൾ 134**

**1. വിചാരണഭാഗം സാക്ഷികൾ**

**അനുബന്ധം**

| ക്രമം | പേര് | ദൃക്സാക്ഷി/പോലീസ്/ വിദഗ്ധൻ/ മെഡിക്കൽ/ മറ്റുള്ളവർ |
|---|---|---|
| **PW 1 /CW2** | ശശി വയസ്സ്, 26 വയസ്സ്, മണി മകൻ, ഉപ്പതോട്, ഇരട്ടക്കുളം പോസ്റ്റ്, എലപ്പള്ളി, പാലക്കാട്. | സാക്ഷി |
| **PW2/CW7** | ഗോപാലകൃഷ്ണൻ, 28 വയസ്സ്, രഘു മകൻ, ഉപ്പതോട്, എരട്ടക്കുളം പോസ്റ്റ്, എലപ്പള്ളി, പാലക്കാട്. | കേസിൽ മരണപ്പെട്ട ശാന്തയുടെ മൂത്തമകൻ |
| **PW3/CW8** | രഘു, 36 വയസ്സ്, ഗോപാലൻ മകൻ, ഉപ്പതോട്, എരട്ടക്കുളം പോസ്റ്റ്, എലപ്പള്ളി, പാലക്കാട്. | കേസിൽ മരണപ്പെട്ട ശാന്തയുടെ ഭർത്താവ് |
| **PW4/CW15** | സദാശിവൻ.പി.ജി, എസ്.ഐ.കസബ പോലീസ് സ്റ്റേഷൻ, പാലക്കാട്. | പോലീസ് |

2. **പ്രതിഭാഗം സാക്ഷികൾ : ഇല്ല**

3. **കോടതി സാക്ഷികൾ : ഇല്ല**

**വിചാരണഭാഗം/പ്രതിഭാഗം/കോടതിഭാഗം അക്കമിട്ട രേഖകൾ**

4. **വിചാരണഭാഗം അക്കമിട്ട രേഖകൾ**

| | |
|---|---|
| P1/ PW4 | FIR , തീയതി 14.03.2022 |
| P2 / PW4 | ഇൻക്വസ്റ്റ് റിപ്പോർട്ട് , തീയതി 14.03.2022 |
| P3/PW4 | സീഷർ മഹസർ, തീയതി 15.03.2022 |
| P4/PW4 | സംഭവസ്ഥല മഹസർ, തീയതി 15.03.2022 |

| | |
|---|---|
| P5/PW4 | പോസ്റ്റുമോർട്ടം സർട്ടിഫിക്കറ്റ് ,തീയതി 14.03.2022 |
| P6/PW4 | MVI  സർട്ടിഫിക്കറ്റ് ,തീയതി 21.03.2022 |
| P7/PW4 | അറസ്റ്റ് മെമ്മോ & ബെയിൽബോണ്ട്, തീയതി 10.04.2022 |
| P8/PW4 | വാഹന കച്ചീട്ട്, തീയതി 10.04.2022 |
| P9/PW4 | എഫ്.ഐ.എസ്, തീയതി 14.03.2022 |

Sd/-

ധനുജ വെട്ടത്ത്
ന്യായാധികാരി,
ഗ്രാമ ന്യായാലയ, പതുപ്പരിയാരം.

//True Copy//

**ധനുജ വെട്ടത്ത്**

**ന്യായാധികാരി,**

**ഗ്രാമ ന്യായാലയ, പതുപ്പരിയാരം.**

**Fair/Copy of Order in**
**ST :48/2022**
**Dated :26.03.2026**